ക്യാമ്പസുകളിലെ അക്രമ സംഭവങ്ങളും ദുരന്തങ്ങളും നിയന്ത്രിക്കാൻ നടപടി

20(*110) ശ്രീ. പി. കെ. ബഷീർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്യാമ്പസുകളിൽ അരങ്ങേറുന്ന അക്രമ സംഭവങ്ങളും, ദുരന്തങ്ങളും നിയന്ത്രിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ക്യാമ്പസ്സുകളുടെ നിലവാരം മെച്ചമാക്കുന്നതിനും അക്രമവിമുക്തമാക്കുന്നതിനും വിദ്യാഭ്യാസ വിചക്ഷണരുടെയും, രക്ഷാകർത്താക്കളുടെയും അഭിപ്രായ രൂപീകരണം നടത്തി ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ & ബി) ക്യാമ്പസുകളിലെ അക്രമങ്ങളും ദുരന്തങ്ങളും നിയന്ത്രിക്കുന്നതിനും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ടിയും ചില മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും 12-10-2015-ലെ നമ്പർ 26483/G1/15/ഉ.വി.വ. പ്രകാരം ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്) ഇത് എല്ലാ സ്ഥാപനമേധാവികൾക്കും അയച്ചുകൊടുക്കുകയും, ആയതിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

റേഷൻ വിതരണത്തിലെ ക്രമക്കേട്

21(*111) ശ്രീ. എസ്. ശർമ്മ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനും പരിശോധിക്കുന്നതിനും സംവിധാനമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റേഷൻ വിതരണത്തിലെ ക്രമക്കേട് സംസ്ഥാന വ്യാപകമായി വിജിലൻസ് നടത്തിയ റെയ്ഡിൽ കണ്ടുപിടിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബി.പി.എൽ. അന്ത്യോദയ അന്നയോജന അരിവിഹിതം ഗുണഭോക്താക്കൾക്ക് നൽകാതെ വെട്ടിപ്പ് നടത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഇതിൽ റേഷൻ ഡീലർമാർ മുതൽ സിവിൽ സപ്ലൈസ് ഉന്നത ഉദ്യോഗസ്ഥർക്കു വരെ പങ്കുള്ള കാര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ പൊതുവിപണിയിൽ റെയ്ഡുകൾ നടത്തുകയും അനധികൃതമായി കടത്തി കൊണ്ടുപോകുന്നതും അനധികൃതമായി വ്യാപാരം നടത്തുന്നതിനായി സൂക്ഷിക്കുകയും ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്ത് പൊതുവിതരണ ശൃംഖല വഴി വിതരണം നടത്തി അതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കുറ്റക്കാർക്കെതിരെ അവശ്യ സാധന നിയമ പ്രകാരം കേസ്സെടുത്ത് തുടർ നടപടി സ്വീകരിക്കുന്നുണ്ട്. റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് തടയുന്നതിനായി ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കളിലേക്കുള്ള നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയ എസ്.എം.എസ്. അലർട്ട് സംവിധാനം എഫ്.എം.പി.ഡി.എസ്. (Food Grain Movement for Effective Public Distribution System)-സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന വ്യാപകമായി വിജിലൻസ് നടത്തിയ റെയ്ഡുകളിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ 149-ാം നമ്പർ റേഷൻ കടയുടെയും കാഞ്ഞിരപ്പള്ളി താലൂക്കിലെ 83-ാം നമ്പർ റേഷൻ കടയുടെയും അംഗീകാരം താൽക്കാലികമായി റദ്ദാക്കിയത് ഈ കാരണത്താലാണ്. പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ 5 റേഷൻ കടകളിലും പാലക്കാട് താലൂക്കിലെ 4 റേഷൻ കടകളിലും മണ്ണാർക്കാട് താലൂക്കിലെ 2 റേഷൻ കടകളിലും ആലത്തൂർ താലൂക്കിലെ 3 റേഷൻ കടകളിലും ഒറ്റപ്പാലം താലൂക്കിലെ ഒരു റേഷൻ കടയിലും ഇത്തരം ക്രമക്കേട് കണ്ടെത്തിയിരുന്നു. ഇതിൽ ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം എന്നീ താലൂക്കുകളിലെ ഓരോ ARD-യുടെയും ചിറ്റൂർ, പാലക്കാട് എന്നീ താലൂക്കുകളിലെ 2 ARD-കളുടെയും ലൈസൻസ് താൽക്കാലികമായി സസ്പെന്റ് ചെയ്യുകയും മറ്റുള്ളവരിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ഡി) പരിശോധിച്ചിട്ടുണ്ട്. ക്രമക്കേട് കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

ലൈറ്റ് മെട്രോ പദ്ധതി

22(*112) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡി.എം.ആർ.സി. സമർപ്പിച്ച വിശദമായ പഠന റിപ്പോർട്ട് സർക്കാർ തലത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ; ഇപ്രകാരം രണ്ടു പദ്ധതികളും പൂർത്തിയാക്കുന്നതിനാവശ്യമായ തുക എത്ര;

(സി) പദ്ധതി ചെലവിന്റെ എത്ര ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരുകൾ കണ്ടെത്തും; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ഭൂമി അക്വയർ ചെയ്യുന്നതിനും, പദ്ധതി ചെലവിലേക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; വിശദമാക്കാമോ;

(ഇ) ജൈക്കാ വായ്പ ലഭ്യമാകുമോ; ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ജൈക്കയിൽ നിന്നും ലഭിച്ച മറുപടി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly